പ്രീ-മെട്രിക് ഹോസ്റ്റലുകൾ

256(957) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് എത്ര പ്രീ-മെട്രിക്ക് ഹോസ്റ്റലുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ എത്ര കുട്ടികളെയാണ് പാർപ്പിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകൾവഴി കുട്ടികൾക്ക് ലഭിക്കുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 87.

(ബി) 1632.

(സി) താമസം, ഭക്ഷണം, രണ്ടു ജോഡി യൂണിഫോം, നൈറ്റ് ഡ്രസ്, ചെരുപ്പ്, ബാഗ്, 100 രൂപ വീതം പ്രതിമാസ പോക്കറ്റ് മണി, അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി, മെഡിക്കൽ അലവൻസ് എന്നി ആനുകൂല്യങ്ങൾ നൽകിവരുന്നു. ഭക്ഷണത്തിനായി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 2,000 രൂപ ചെലവഴിക്കുന്നു.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

257 (958) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly